E/24/202 09.11.2026

ക്വട്ടേഷൻ പരസ്യം

ആര്യങ്കോട് ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിൽ നിന്ന് ഹരിത കർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ (50 മൈക്രോണിൽ കൂടിയതും കുറഞ്ഞതുമായ പ്ലാസ്റ്റിക് ഉൾപ്പന്നങ്ങൾ, തുകൽ ഉൾപ്പന്നങ്ങൾ (ചെരുപ്പുകൾ , ബാഗുകള്) റബ്ബർ ഉൾപ്പന്നങ്ങൾ , ടയറുകൾ , ഗ്ലാസ്സ്, ട്യൂബ് എന്നിവ ഉൾപ്പെടുന്നതാണ്.) 32 മിനി.എം.സി.എഫ്.കളിൽ (മെറ്റീരിയൽ ഫെസിലിറ്റി കളക്ഷൻ സെന്റർ)നിന്ന് ആര്യങ്കോട് ഗ്രാമ പഞ്ചായത്തിലെ മാർക്കറ്റിലേയ്ക്കും പെരുങ്കടവിള R.R.F- (റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ)- ലേയ്ക്കും എത്തിക്കുന്നതിന് ഒരു ഗുഡ്സ് കാരിയർ വാഹനം (Mini Trucks) മിനിമം ചാർജ്ജില്ലാതെ റണ്ണിംഗ് കിലോമീറ്റർ വാടകയ്ക്ക് ലഭ്യമാക്കുവാൻ താൽപര്യമുള്ള വാഹന ടാക്സി ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾ സ്വീകരിക്കുന്നതിനും തുറക്കുന്നതിനും തീരുമാനിച്ചിട്ടുള്ള ദിവസം അവധി ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടറുകൾ തുറക്കുന്നതുമായിരിക്കും ടെണ്ടറുകൾ സമർപ്പിക്കുന്ന കവറിനു പുറത്ത് **അജൈവ മാലിന്യങ്ങള് ശേഖരിച്ച് എത്തിക്കുന്നതിനുള്ള വാഹന വാടക- ടെണ്ടർ** എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമ ഫഞ്ചായത്ത് ഓഫീസിൽ നിന്ന് അറിയാവുന്നതാണ്. ഫോൺ നമ്പർ- 0471-2255226.

നിബന്ധനകൾ

1. വർക്കിംഗ് സമയം 6 AM To 7 PM
2. പഞ്ചായത്ത് അധികാരികളിൽ നിന്നും ലഭ്യമാക്കുന്ന ലിഫ്റ്റിംഗ് പ്ലാൻ പ്രകാരം കൃത്യ സമയത്ത് അജൈവ മാലിന്യങ്ങൾ 17 വാർഡുകളിലെ 32 മിനി.എം.സി.എഫ്.ൽ നിന്ന് ആര്യങ്കോട് ഗ്രാമ പഞ്ചായത്തിലെ മാർക്കറ്റിലേയ്ക്കും പെരുങ്കടവിള R.R.F- (റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ)- ലേയ്ക്കും എത്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മാറ്റം അനുവദിക്കുന്നതല്ല.
3. പഞ്ചായത്തിലെ മാലിന്യ സംസ്ക്കരണ ചട്ടങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട അധികാരികളുടെ യഥാസമയത്തുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4 ട്രിപ്പ് ഷീറ്റിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

5 കരാറിൽ ഏർപ്പെട്ട വ്യക്തിയുടെ സേവനത്തിൽ എന്തെങ്കിലും അതൃപ്തി ഉണ്ടെങ്കിൽ കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതിന് ഭരണസമിതിയ്ക്ക് അധികാരമുണ്ട്.

6 ഇൻകം ടാക്സ് അടയ്ക്കേണ്ട സാഹചര്യം വന്നാൽ ആയത് കിഴിവ് ചെയ്ത് അടവാകുന്നതായിരിക്കും. ആയതിനാൽ വാലിഡിറ്റിയുള്ള പാൻ കാർഡ്ന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.

7 വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, ടാക്സ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയുടെ സാധുവായ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ മേൽ രേഖകൾ 2026-2027 വർഷത്തിൽ കാലാവധി അവസാനിക്കുകയാണെങ്കിൽ കാലാവധി തീയതിയ്ക്ക് മുൻപായി യഥാവിധി പുതുക്കി പകർപ്പ് കാലാവധിയ്ക്ക് മുൻപ് പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതാണ്.

8 വാഹനത്തിന്റെ മെയിന്റിനന്സ് ചെലവ്, ഇന്ധന ചെലവ്, ടോൾ മുതലായ എല്ലാ നികുതികളും വാഹന കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

9 ഏതെങ്കിലും സാഹചര്യത്തിൽ വാഹനം ലഭ്യമാക്കുവാൻ കഴിയാതെ വരുമ്പോൾ കരാറുകാരൻ സ്വന്തം ചെലവിൽ എല്ലാ നിയമാനുസൃത രേഖകളും ലഭ്യമാക്കി മറ്റൊരു വാഹനം ഏർപ്പാടാക്കേണ്ടതാണ്.

10 ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, ആര്യങ്കോട് ഗ്രാമ പഞ്ചായത്ത്.

11 ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി.12.11.2026, 3 PM

12 ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്ന തീയതി.12.11.2026, 4 PM

സ്ഥലം: ആര്യങ്കോട്

തീയതി : 09.11.2026

പകർപ്പ്:

പഞ്ചായത്ത് നോട്ടീസ് ബോർഡ്
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്

Secretary
Aryancode Gramapanchayat
Ph: 0471-2255226, Mob: 9496040633

ARYANCODE GRAMA PANCHAYATH